ക്രമ നമ്പർ	ഇനം	വില്പനനികുതി നിരക്ക്	പ്രവേശന നികുതി നിരക്ക്
1	ഹൈസ്പീഡ് ഡീസൽ	24%	24%
2	മണ്ണെണ്ണ	24%	27.6%
3	മോട്ടോർ സ്പിരിറ്റ്, ലൈറ്റ് ഡീസൽ ഓയിൽ ഉൾപ്പെടുന്നതും പെട്രോൾ ഏവിയേഷൻ ടർബൈൻ ഫ്യൂവൽ, ഹൈസ്പീഡ് ഡീസൽ ഓയിൽ എന്നിവ ഉൾപ്പെടാത്തതും	41%	47.15%
4	നാഫ്ത്ത	22%	25.3%
5	പെട്രോൾ, നാഫ്ത്ത ഉൾപ്പെടാത്തത്	28%	28%
6	മറ്റ് പെട്രോളിയം ഉൽപ്പന്നങ്ങൾ (വില്പന നികുതി നിയമത്തിലെ മറ്റു പട്ടികയിൽ ഉൾപ്പെടുന്നവ)	30%	34.5%
7	ഏവിയേഷൻ ടർബൈൻഫ്യൂവൽ	34%	39.10%
8	ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്	16%	16%
9	ലൂബ്രിക്കേറ്റിംഗ് ഓയിൽ, ഗ്രീസ്, ബ്രേക്ക്ഫ്ലൂയിഡ്, ട്രാൻസ്ഫോർമർ ഓയിൽ, മറ്റ് കൂളിംഗ് ഓയിൽ	24%	27.6%

(ജി) തൽക്കാലം പരിഗണനയിലില്ല.

ഭക്ഷ്യധാന്യങ്ങൾക്കുമേൽ ചുമത്തുന്ന നികുതി ഉപേക്ഷിക്കാൻ നടപടി

6 (968) ശ്രീ. എം. പി. ഗംഗാധരൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ ഭക്ഷ്യധാന്യങ്ങൾക്ക് നികുതി ചുമത്തുന്നുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനമാണ് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുതയിനത്തിൽ കഴിഞ്ഞ വർഷം എന്തു തുക പിരിഞ്ഞു കിട്ടി;

(ഡി) ഭക്ഷ്യധാന്യങ്ങളുടെമേൽ ചുമത്തുന്ന നികുതി വേണ്ടെന്ന് വയ്ക്കാനുദ്ദേശമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അരി, ഗോതമ്പ്, ചോളം, കുവരക്, ബാർലി തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾക്ക് 1% നികുതിയും ഉഴുന്ന്, പയർ, കേസരി തുടങ്ങിയ ധാന്യവർഗ്ഗങ്ങൾക്ക് 4% നികുതിയുമാണ് ചുമത്തുന്നത്.

(സി) 42.06 കോടി രൂപ.

(ഡി) തൽക്കാലം പരിഗണനയിൽ ഇല്ല.

നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

7 (969) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെയിൽസ് ടാക്സ് ഉദ്യോഗസ്ഥൻമാർ എത്ര കടകളിൽ റെയിഡ് നടത്തിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നികുതി വെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും നടത്തിയ കട പരിശോധനകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

വർഷം	എണ്ണം
2001-2002	16720
2002-2003	20186
2003-2004	17349
2004-2005	12081

(ഡിസംബർ വരെ)

(ബി) നികുതി വെട്ടിപ്പ് തടയുന്നതിന് വാണിജ്യ നികുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു.

വിവിധ ബംബർ ടിക്കറ്റുകളിലൂടെ ലഭിച്ച ലാഭം

8 (974) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജനുവരി 7-ന് നറുക്കെടുപ്പ് നടത്തിയ ക്രിസ്തുമസ്-പുതുവത്സര ബംബർ ടിക്കറ്റ് എത്ര എണ്ണം പ്രിന്റ് ചെയ്തുവെന്നും എത്ര എണ്ണം വില്പന നടത്തിയെന്നും വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly